


**എല്ലാ വ്യാപാര കച്ചവട സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കണമെങ്കിൽ,അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് എടുക്കേണ്ടതുണ്ട്. നഗരസഭാ പരിധിയിലുള്ള ആവശ്യമുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസിന് വേണ്ടി അപേക്ഷിക്കുന്നതിനും (ലൈസൻസ് പുതുക്കുവാൻ/ പുതിയ ലൈസൻസ് അപേക്ഷ) എന്നിവക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് .. .**

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓൺലൈൻ പോർട്ടലായ**

**Citizen Service Portal വഴിയാണ് ഈ സേവനം ലഭ്യമാകുക .**

**നേരിട്ടോ /അക്ഷയ കേന്ദ്രങ്ങൾ വഴിയോ , ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്**
**https://citizen.lsgkerala.gov.in** എന്ന വെബ്സൈറ്റിൽ ക്ലിക്ക് ചെയ്യുക.ലോഗിൻ ചെയ്യുക.
**സേവനങ്ങളുടെ വിവരങ്ങളിൽ നിന്ന്**

## Licences and Permissions

FACTORIES, TRADES, ENTREPRENEURSHIP ACTIVITIES AND OTHER SERVICES – LICENCE
(ഫാക്ടറികൾ , വ്യാപാരങ്ങൾ , സംരംഭക പ്രവർത്തനങ്ങള് , മറ്റ് സേവനങ്ങൾ – ലൈസൻസ്) എന്നത് തിരഞ്ഞെടുക്കുക .

**പുതിയ ലൈസൻസ് എടുക്കുന്നതിന് വേണ്ടി / ലൈസൻസ് പുതുക്കുന്നതിന് വേണ്ടി**

Application for New/Renewal of IFTE & OS Licence (Corporation/Municipality) (IFTE & OS ലൈസൻസ് പുതിയ /പുതുക്കുന്നതിനുള്ള അപേക്ഷ കോർപറേഷൻ/മുനിസിപ്പാലിറ്റി)

എന്ന സേവനം തിരഞ്ഞെടുക്കുക

തുടർന്ന് ***ജില്ല*** സെലക്ട് ചെയ്തു, ***മുനിസിപ്പാലിറ്റി*** സെലക്ട് ചെയ്ത ശേഷം ***തദ്ദേശ സ്വയം ഭരണ സ്ഥാപനം*** തിരഞ്ഞെടുക്കുക . (ഉദാ. കണ്ണൂർ, മുനിസിപ്പാലിറ്റി , തലശ്ശേരി)

അപേക്ഷകന്റെ വിവരങ്ങൾ രേഖപെടുത്തിയ ശേഷം - അപേക്ഷകന്റെ ഫോട്ടോ , അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്ത് മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയതിന് ശേഷം ഓൺലൈനായി (e-Payment) ഫീസ് അടച്ചതിന് ശേഷം അപേക്ഷ സമർപ്പിക്കുക.

അപേക്ഷാ വിവരങ്ങൾ നഗരസഭ ആരോഗ്യ വിഭാഗം പരിശോധിച്ച ശേഷം **Digital Sign** ചെയ്തു ലൈസൻസ് അനുവദിക്കുന്നു. അപേക്ഷകർക്ക് ഓൺലൈൻ ചെയ്ത ലോഗിനിൽ നിന്നു ഡൗൺലോഡ് ചെയ്യാവുന്നതാണ് .

# Detailed Process

## A). User Creation and Login :


സിറ്റിസൺ സർവ്വീസ് പോർട്ടലിൽ പ്രവേശിക്കുന്നതിന് ഒരു യൂസർ ഐ.ഡി യും പാസ്സ് വേഡും ആവശ്യമാണ്. **https://citizen.lsgkerala.gov.in എന്ന വെബ്സൈറ്റിൽ മുകളിലായി കാണുന്ന Register എന്ന ഓപ്ഷൻ വഴി യൂസർ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ് . ഇത് ഒരു ഒറ്റത്തവണ പ്രോസസ്സ് ആണ്.** സിറ്റിസൺ **സർവീസ് പോർട്ടലിൽ നേരത്തെ മറ്റെന്തെങ്കിലും ആവശ്യത്തിനായി യൂസർ രജിസ്ട്രേഷന് ചെയ്തിട്ടുണ്ടെങ്കിൽ ആ Username , Password തന്നെ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്.** പുതിയ രെജിസ്ട്രേഷൻ ചെയ്യേണ്ടതില്ല.

**ഭാഷ മാറ്റാം**

ആവശ്യമെങ്കിൽ വെബ്സൈറ്റിൽ **മുകളിൽ കാണുന്ന** Language **എന്നതിൽ ക്ലിക്ക് ചെയ്തു English/മലയാളം സെലക്ട് ചെയ്ത് Site ലെ ഭാഷ മാറ്റാവുന്നതാണ്.** (ചിത്രം 1)




## New User Registration :





പുതിയ **User** രെജിസ്ട്രേഷനു വേണ്ടി വെബ്സൈറ്റിൽ മുകളിലായി കാണുന്ന രജിസ്റ്റർ ബട്ടൺ ക്ലിക്ക് ചെയ്യുക. പേര് **(ആധാറിൽ ഉള്ളത് പോലെ)** ഇംഗ്ലീഷിൽ നൽകുക ആധാർ നമ്പർ , ഇ-മെയിൽ വിലാസം , മൊബൈൽ നമ്പർ , വിവരങ്ങൾ നൽകി **Create Account** ബട്ടൺ ക്ലിക്ക് ചെയ്യുക . **(ചിത്രം 2)**

***സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുവാനുള്ള Username എന്നത് ,ഇവിടെ നൽകുന്ന ഇ-മെയിൽ ഐഡി /മൊബൈൽ നമ്പർ ആയിരിക്കും.**




( ചിത്രം 3)




( ചിത്രം 4)

**Submit** ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ

ഒരു ആക്ടിവേഷൻ കോഡ്

ഇമെയിലിലും ,മൊബൈലിലിലും ലഭിക്കുന്നതാണ്.


തുടർന്ന് വരുന്ന സ്ക്രീനിൽ **email/sms** വഴി

ലഭ്യമായ **temporary password** നൽകുക.

അതിന് ശേഷം **New Password** ,**Confirm Password**

നൽകുക. **Change Password** ക്ലിക്ക് ചെയ്യുക

(ചിത്രം 5)





( ചിത്രം 5.1)

**രെജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയായി. ഇ മെയിൽ ഐ.ഡി അല്ലെങ്കിൽ മൊബൈൽ നമ്പർ , പുതുതായി ക്രിയേറ്റ് ചെയ്ത പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യുക...**

## ***Profile Updation :***


**ഇ മെയിൽ ഐ.ഡി അല്ലെങ്കിൽ മൊബൈൽ നമ്പർ , പുതുതായി ക്രിയേറ്റ് ചെയ്ത പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്തതിന് ശേഷം Profile Updation എന്ന സ്ക്രീനിൽ ,മതിയായ വിവരങ്ങൾ നൽകി Profile** അപ് ഡേറ്റ് ചെയ്യുക ( ചിത്രം 6) . House Name,Place ,Localbody ,Ward Number , Door number , Post Office , village etc




( ചിത്രം 6)

# LICENCE E FILING :


അപേക്ഷ ഈ-ഫയൽ ചെയ്യുവാൻ **E-file** മെനുവി ൽ **New Application** ക്ലിക്ക് ചെയ്യുക . (ചിത്രം 7)




(ചിത്രം 7)

## E-file മെനു --> Add on saved application :

ഒരു അപേക്ഷ e-file ചെയ്യുമ്പോൾ തന്നെ submit ചെയ്യണമെന്നില്ല. അപേക്ഷ data entry ചെയ്യുമ്പോൾ ഏത് സ്റ്റേജിൽ വേണമെങ്കിലും save ചെയ്ത് പുറത്തേക്ക് പോകാവുന്നതാണ്. ഇങ്ങനെ പൂർണ്ണമാകാത്ത അപേക്ഷകൾ പിന്നീട് **E-File** ലിൽ **Add on saved application** എന്ന മെനു ക്ലിക്ക് ചെയ്ത് , എടുത്ത് പ്രോസസ്സ് ചെയ്യാവുന്നതാണ്..(ചിത്രം 8 )





(ചിത്രം 8 )

**New Application** ക്ലിക്ക് ചെയ്താൽ സേവനങ്ങളുടെ ലിസ്റ്റിൽ നിന്നും അപേക്ഷയുടെ സ്വഭാവം അനുസരിച്ച തരം (അനുയോജ്യമായത്) സെലക്ട് ചെയ്യുക . (ചിത്രം 7) .

**E-file Services → Search :**

**Search By keyword** എന്ന സ്ഥലത്ത് ക്ലിക്ക് ചെയ്ത് നമുക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ സെർച്ച് ചെയ്തു കണ്ടുപിടിക്കാവുന്നതാണ് . ഉദാഹരണം : **Licence** എന്നു ടൈപ്പ് ചെയ്യുമ്പോൾ ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ ലിസ്റ്റ് ചെയ്യുന്നതാണ്. (ചിത്രം 9)





(ചിത്രം 9 )

**പുതിയ ലൈസൻസ് എടുക്കുന്നതിന് വേണ്ടി / ലൈസൻസ് പുതുക്കുന്നതിന് വേണ്ടി**

**Application for New/Renewal of IFTE & OS Licence (Corporation/Municipality) (IFTE & OS ലൈസൻസ് പുതിയ /പുതുക്കുന്നതിനുള്ള അപേക്ഷ കോർപറേഷൻ/മുനിസിപ്പാലിറ്റി)**


എന്ന സേവനം തിരഞ്ഞെടുക്കുക .

തുടർന്നു **Subject Description** എന്നതിൽ ജില്ല , മുനിസിപ്പാലിറ്റി എന്നിവ സെലക്ട് ചെയ്ത ശേഷം ഏത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്കാണോ അപേക്ഷ സമർപ്പിക്കേണ്ടത് അത് സെലക്ട് ചെയ്യുക. Applicant Type , Applicant Category കൂടി കൊടുത്ത ശേഷം **Save** ക്ലിക്ക് ചെയ്യുക . **Next** ക്ലിക്ക് ചെയ്യുക .





(ചിത്രം 10 )

അടുത്തതായി **Applicant Details** എന്നതിൽ അപേക്ഷന്റെ വിവരങ്ങൾ നൽകുക. **Pick From Profile** ക്ലിക്ക് ചെയ്താൽ പ്രൊഫൈലിൽ നൽകിയ വിവരങ്ങൾ ഇവിടെ **AutoFill** ചെയ്തു വരുന്നതാണ്. (ചിത്രം 11 )




(ചിത്രം 11)

Applicant Details , Contact Details, Permanent Address, Communication Address വിവരങ്ങൾ നൽകി **Save** ചെയ്യുക . Next ക്ലിക്ക് ചെയ്യുക . (ചിത്രം 12)




(ചിത്രം 12 )


അതിന് താഴെകാണുന്ന **Communication Address** എന്നത് **Permanent Address** തന്നെയാണെങ്കിൽ **Same as Permanent Address** എന്ന ചെക്ക്ബോക്സിൽ ടിക് കൊടുത്താൽ മതി. മാറ്റം ഉണ്ടെങ്കിൽ **Communication Address** കൂടി ചേർത്ത് Save ചെയ്യുക. Next ക്ലിക്ക് ചെയ്യുക. **(ചിത്രം 13)**




**(ചിത്രം 13)**


## Application Preperation :

**Application Preparation** മെനുവിൽ , **Prepare Application** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക . **(ചിത്രം 16)**




**(ചിത്രം 16)**

ഉടനെ **അപേക്ഷ തയ്യാറാക്കുന്ന സ്ക്രീൻ** വരുന്നതാണ്. **(ചിത്രം 17)**



(ചിത്രം 17)

**ഡിവിഷൻ /സർക്കിൾ** എന്നതിൽ നഗരസഭയിൽ ഡിവിഷൻ/ സർക്കിൾ ഓഫീസുകൾ ഉണ്ടെങ്കിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന ഡിവിഷന്റെ പേര് സെലക്ട് ചെയ്യുക .

**അപേക്ഷിക്കുന്ന വർഷം എന്നതിൽ ഏത് വർഷത്തേക്കാണ് ലൈസൻസ് ആവശ്യമുള്ളത് എന്നത് തിരഞ്ഞെടുക്കുക. പുതിയ സ്ഥാപനം തുടങ്ങുന്നതാണെങ്കിൽ , അതതു സാമ്പത്തിക വർഷം സെലക്ട് ചെയ്യുക.**

ഉദാ 1 : **01 June 2022** ആണ് **സ്ഥാപനം തുടങ്ങുന്നതാണെങ്കിൽ , വർഷം 2022-2023** സെലക്ട് ചെയ്യുക

ഉദാ 2 : **നിലവിൽ 31/03/2022 വരെ ലൈസൻസ് ഉള്ളതും, 2022-23 വർഷത്തേക്കാണ് ലൈസൻസ് പുതുക്കുന്നതിനും ആണെങ്കിൽ വർഷം 2022-23** എന്നത് **തിരഞ്ഞെടുക്കുക**

**ലൈസൻസ് ആവശ്യമായത്** എന്നതിൽ ഉചിതമായത് സെലക്ട് ചെയ്യുക.

**വാർഡ് വർഷം** എന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ വാർഡ് വർഷം ആണ് .

**കെട്ടിടത്തിന്റെ വാർഡ് നമ്പർ എന്നതിൽ വാർഡ് നമ്പർ ലിസ്റ്റിൽ നിന്ന് സെലക്ട് ചെയ്യുക.**

**ഡോർ നമ്പർ /സബ് നമ്പർ** എന്നിവ കൃത്യമായി രേഖപെടുത്തുക .

**ഉദാ : 10/325/A** എന്നതാണ് കെട്ടിട നമ്പ ർ എങ്കില് 10 എന്നത് വാർഡ് നമ്പറും 325 എന്നത് ഡോ ർ നമ്പറും A എന്നത് സബ് നമ്പറും ആണ്. ഈ മൂന്ന് വിവരങ്ങളും അതാത് **കോളങ്ങളിൽ** തന്നെ കൃത്യമായി രേഖപെടുത്തുക.

**സോണൽ ഓഫീസ്** പരിധിയിലാണെങ്കിൽ ആയത് സെലക്ട് ചെയ്യുക .അല്ലെങ്കിൽ **Main Office** എന്ന് കൊടുക്കുക.

**1. മുൻവർഷങ്ങളിലെ ലൈസൻസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ, കെട്ടിട നമ്പർ കൊടുക്കുമ്പോൾ തന്നെ മുൻ വർഷത്തെ വിവരങ്ങൾ താഴെ ഓട്ടോമാറ്റിക് ആയി ലിസ്റ്റ് ചെയ്യുന്നതാണ് . ലിസ്റ്റ് ചെയ്തില്ല എങ്കിൽ, മുൻവർഷങ്ങളിൽ അപേക്ഷിച്ച കെട്ടിട നമ്പർ തന്നെയാണോ നൽകിയതെന്ന് എന്ന് ഒന്ന് കൂടി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.**

**2. മുൻ വർഷങ്ങളി ൽ ലൈസൻസ് എടുത്തിട്ടില്ല / സഞ്ചയ(ലൈസൻസ്) സോഫ്റ്റ് വെയർ വഴി അനുവദിച്ചിട്ടില്ല / ലൈസൻസ് വിവരങ്ങൾ സൈറ്റി ൽ ലഭ്യമല്ല (പുതുതായി ആരംഭിച്ച നഗരസഭകളിൽ) എങ്കിൽ "ഈ കെട്ടിട നമ്പറിൽ നിലവി ൽ ലൈസൻസുകൾ ഒന്നും നൽകിയിട്ടില്ല , അപേക്ഷയുടെ ഉദ്ദേശ്യം പുതിയ ലൈസൻസ് എന്ന് തെരഞ്ഞെടുക്കേണ്ടതാണ് " എന്ന മെസ്സേജ് ലിസ്റ്റ് ചെയ്യുന്നതാണ്.**

മുകളിൽ പറഞ്ഞ രണ്ട് തരം രീതിയിലും അപേക്ഷകൾ എങ്ങനെ ചെയ്യാം എന്ന് നോക്കാം


## 1. ലൈസൻസ് പുതുക്കുന്നതിന്

(മുൻ വർഷങ്ങളിൽ സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയർ വഴി അനുവദിച്ച എങ്കിൽ മുൻ വർഷത്തെ വിവരങ്ങൾ താഴെ ഓട്ടോമാറ്റിക് ആയി ലിസ്റ്റ് ചെയ്യുന്നതാണ്.)

ഉദാ . കെട്ടിട നമ്പർ - **10/95/A** എന്നാണെന്ന് കരുതുക. ഇതിൽ ഡോർ നമ്പർ **95** , സബ് നമ്പർ **A** എന്നതുമാണ്.

**Ward** നമ്പർ **10** എന്നത് കോംബോ ബോക്സിൽ നിന്ന് സെലക്ട് ചെയ്യുക . **Door Number** എന്നതിൽ **95** എന്നും സബ് നമ്പർ എന്നതിൽ **A** എന്നും നൽകുക .

കെട്ടിട നമ്പർ കൊടുത്താൽ ഉടനെ മുൻ വർഷത്തെ ലൈസൻസ് വിവരങ്ങൾ കാണാവുന്നതാണ് . അതിൽ കാണുന്ന **Select** ബട്ടണിൽ ക്ലിക്ക് ചെയ്യുക . (ചിത്രം 18)


തലശ്ശേരി മുനിസിപ്പാലിറ്റി

ലൈസെൻസ് അപേക്ഷ (e-file) രേഖപെടുത്തുന്നതിനുള്ള സ്ക്രീൻ (ഭാഗം 1)

Back

ഡിവിഷൻ/സർക്കിൾ * : B Division

അപേക്ഷിക്കുന്ന വർഷം* : 2022-2023

ലൈസൻസ് ആവശ്യമായത്* : കെട്ടിടം

വാർഡ് വർഷം * : 2013

സോണൽ ഓഫീസ്* : Main Office

വാർഡ് നമ്പർ * : 10-KUZHIPPANGAD

ഡോർ നമ്പർ /സബ് നമ്പർ * : 95 / A

*Application List*

| SlNo | Application Year | Application ID | Applicant Name | Institution Name | Ward Year | Zonal Office | Ward No | Door No | Status | |
|---|---|---|---|---|---|---|---|---|---|---|
| 1 | 2021 | 2130221000000051 | K K MADAHAVAN | SABARI ASSOCIATES | 2013 | Main Office | 10-KUZHIPPANGAD | 95/A | Licence Issued | Select |

ഈ കെട്ടിട നമ്പർ പ്രകാരമുള്ള ലൈസൻസ് കൊടുത്തിരിക്കുന്നതിനാൽ പുതുക്കാനുള്ള അപേക്ഷ തന്നിരിക്കുന്ന അപേക്ഷയിൽ നിന്നും തെരഞ്ഞെടുക്കുക .

അപേക്ഷയുടെ ഉദ്ദേശ്യം* : ലൈസൻസ് പുതുക്കുന്നത്

Applicant Name (Eng) * : K K MADAHAVAN

അപേക്ഷകന്റെ പേര് (മലയാളം) * : കെ കെ മാധവൻ,

Institution Name (Eng) * : SABARI ASSOCIATES


സ്ഥാപനത്തിന്റെ പേര് (മലയാളം) * : ശബരി അസോസിയേറ്റ്സ്

Save & Continue

(ചിത്രം 18)

**Save and Countinue** ക്ലിക്ക് ചെയ്യുക.

**2.3).** ലിസ്റ്റ് ചെയ്ത അപേക്ഷയിൽ ഫോട്ടോ ലിസ്റ്റ് ചെയ്തില്ലെങ്കിൽ/ മാറ്റണമെങ്കിൽ Add /Change Photo വഴി ഫോട്ടോ അപ്ലോഡ് ചെയ്യുക .



2.3 അപേക്ഷ നൽകുന്ന വ്യക്തിയുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യുക *

| Sl No | Applicant Name | Upload Photo | View |
|---|---|---|---|
| 5 | K K MADAHAVAN | Add/Change Photo | |

4. പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്ന തിയ്യതി

5. ലൈസൻസ് ലഭിക്കേണ്ട സ്ഥലത്തിന്റെ വിവരങ്ങൾ

ഇംഗ്ലീഷിൽ — മലയാളത്തിൽ

5.1 Institution Name* SABARI ASSOCIATES — കടയുടെ പേര് * ശബരി അസോസിയേറ്റ്സ്

5.2 Building Name — കെട്ടിടത്തിന്റെ പേര്

സ്ഥാപനം നിലനിൽക്കുന്നത് * കെട്ടിടം

5.3 കെട്ടിട വിവരങ്ങൾ


| ക്രമ നമ്പർ | വാർഡ് വർഷം | സോണൽ ഓഫീസ് | വാർഡ് നമ്പർ | ഡോർ നമ്പർ | |
|---|---|---|---|---|---|
| 1 | 2013 | Main Office | 10-KUZHIPPANGAD | 95/A | Link With New Door No |

5.4 കെട്ടിട ഉപയോഗ വിഭാഗം ... — 5.5 വില്ലേജ് ...

**(ചിത്രം 19)**

**Photo size Below 30 kb . Resolution 150x200 pixel**

**8**. തൻവർഷം വരെയുള്ള വസ്തു നികുതി, തൊഴിൽ നികുതി എന്നിവ അടച്ചതിന്റെ രസീത് നമ്പർ, തീയതി , കാലയളവ് എന്നിവ രേഖപെടുത്തുക. (ചിത്രം 20)



6. ലൈസൻസ് ആവശ്യമായ ഇനങ്ങളുടെ വിവരങ്ങൾ — Add Items

| ക്രമ നമ്പർ | കോഡ് | ഇനം | |
|---|---|---|---|
| 1 | 136 | ഹോട്ടൽ, റസ്റ്റോറന്റ് കാന്റീൻ, ചായക്കട തുടങ്ങിയവ നടത്തുക | Delete |

8 . വസ്തു നികുതി, തൊഴിൽ നികുതി ഇവ അവസാനമായി അടച്ചതിന്റെ വിവരങ്ങൾ

| 8.1 ഇനം | 8.2 രസീത് നമ്പർ | 8.3 തീയതി | 8.4 കാലയളവ് |
|---|---|---|---|
| വസ്തു നികുതി | 129233433434 | 01-02-2022 | 2021-2022 |
| തൊഴിൽ നികുതി | 12335556555 | 01-02-2022 | 2021-2022 |
| വാടക (തദ്ദേശസ്ഥാപനത്തിന്റെ വക കെട്ടിടത്തിന് മാത്രം ബാധകം) | | | |

9 . ഹാജരാക്കേണ്ട രേഖകൾ — Add Attachments

| ക്രമ നമ്പർ | രേഖകൾ | റഫറൻസ് നമ്പർ | View | Delet |
|---|---|---|---|---|
| 1 | വസ്തു നികുതി അടച്ച രസീത് | 129233433434 | View | Dele |
| 2 | തൊഴിൽ കരം അടച്ച രസീത് | 12335556555 | View | Dele |
| 3 | മുൻവർഷത്തെ ലൈസൻസ് ഫീസ് അടച്ച രസീത് | 123355565566 | View | Dele |
| 4 | യോഗ്യത സാക്ഷ്യപത്രം | Water Test Report | View | Dele |
| 5 | ഐ. ഡി കാർഡ് | | View | Dele |

10. ലൈസൻസ് കാലാവധി രേഖപെടുത്തുക

From : * 2021-2022 — To : * 2021-2022

11 . സംരംഭത്തിന്റെ തരം തെരഞ്ഞെടുക്കുക

11.1 മൂലധന നിക്ഷേപം* 100000 — 11.2 സംരംഭത്തിന്റെ തരം* സേവനമേഖല

Save Back


(ചിത്രം 20)

9 . **ഹാജരാക്കേണ്ട രേഖകൾ** - **Attachment** എന്ന ബട്ടൻ വഴി ആണ് രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടത്.

9 . ഹാജരാക്കേണ്ട രേഖകൾ — Add Attachments

| ക്രമ നമ്പർ | രേഖകൾ | റഫറൻസ് നമ്പർ | View | Delete |
|---|---|---|---|---|
| 1 | യോഗ്യത സാക്ഷ്യപത്രം | Water Test Report | View | Delete |
| 2 | വസ്തു നികുതി അടച്ച രസീത് | | View | Delete |
| 3 | തൊഴിൽ കരം അടച്ച രസീത് | | View | Delete |
| 4 | മുൻവർഷത്തെ ലൈസൻസ് ഫീസ് അടച്ച രസീത് | | View | Delete |
| 5 | ഐ. ഡി കാർഡ് | | View | Delete |

**Upload** ചെയ്യുന്ന ഒരു രേഖയുടെ **size** , **200 KB** യിൽ താഴെ ആയിരിക്കണം . എത്ര രേഖകൾ വേണമെങ്കിലും അപ്‌ലോഡ് ചെയ്യാവുന്നതാണ്.




പ്രസ്തുത ലിസ്റ്റിൽ -ഉൾപ്പെടാത്ത രേഖകൾ അപ്‌ലോഡ് ചെയ്യണമെങ്കിൽ ,**മറ്റുള്ളവ** എന്ന് സെലക്ട് ചെയ്ത ശേഷം - **റഫറൻസ് നമ്പർ** എന്നതിൽ ആ രേഖയുടെ പേര് രേഖപെടുത്തി അപ്‌ലോഡ് ചെയ്യുക.

**eg .** വെള്ളം പരിശോധിച്ച റിപോർട്ട് ആണെങ്കിൽ റഫറൻസ് നമ്പർ എന്ന കോളത്തിൽ , **Water Test Report** എന്നു ടൈപ് ചെയ്യുക . **അറ്റാച്ച് ചെയ്യാനുള്ള ഫയൽ** തിരഞ്ഞെടുത്തു **Save ചെയ്യുക .**

**10. ലൈസൻസ് കാലാവധി രേഖപെടുത്തുക - From -To കാലയളവ് എന്നിവ രേഖപെടുത്തുക.** (ചിത്രം 20 )

ഉദാ . **From 2022-23 To 2022-23**

**11 . സംരംഭത്തിന്റെ തരം സേവന മേഖല ,ഉല്പാദന മേഖല ഇവയിൽ അനുയോജ്യമായത് രേഖപ്പെടുത്തുക** **(ചിത്രം 20 )**


### 11.1 മൂലധന നിക്ഷേപം എത്ര തുകയെന്ന രേഖപ്പെടുത്തുക

ഗസറ്റ് നോട്ടിഫിക്കേഷൻ(സ.ഉ. (പി) നമ്പർ 62/2020/തസ്വഭവ. തീയതി 30 ഒക്ടോബർ) പ്രകാരമുള്ള പുതിയ ഷെഡ്യൂൾആപ്ലിക്കേഷനിൽഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിർണയിക്കുന്നത് മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിലാണ്. വാർഷിക ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള പട്ടിക ചുവടെ ചേർക്കുന്നു.

വാർഷിക ലൈസൻസ് ഫീസ്


| ക്രമ നമ്പർ | ഇനവിവരം | വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 25 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 500 രൂപ |
| 2 | മിനി എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 1,000 രൂപ |
| 3 | സ്മാൾ എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 2 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 5,000 രൂപ |
| 4 | മീഡിയം എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 2 കോടി രൂപയിൽ കൂടുതലുള്ളതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 10,000 രൂപ |
| 5 | ലാർജ് എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 10 കോടി രൂപയിൽ കൂടുതലുള്ള മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 5 കോടി രൂപയിൽ കൂടുതലുള്ള മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 15,000 രൂപ |

വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി Save ചെയ്യുക . മുഴുവൻ വിവരങ്ങളും സേവ് ആയാൽ ,എഡിറ്റ് **(Edit)** ബട്ടൺ ആക്ടിവ് ആവുന്നതാണ് . ആവശ്യമെങ്കിൽ Edit ബട്ടൺ ക്ലിക്ക് ചെയ്തു വിവരങ്ങൾ എഡിറ്റ് ചെയ്യാവുന്നതാണ്. (ചിത്രം 21)





(ചിത്രം 21)

**Close** ബട്ടൺ ക്ലിക്ക് ചെയ്താൽ ,രേഖപ്പെടുത്തിയ വിവരങ്ങൾ അടങ്ങിയ **Application Report** ലഭ്യമാകുന്നതാണ് . വീണ്ടും എഡിറ്റ് ചെയ്യണമെങ്കിൽ **Edit Application** ബട്ടൻ ക്ലിക്ക് ചെയ്യാവുന്നതാണ്. (ചിത്രം 22)




(ചിത്രം 22)


അപേക്ഷയുമായി ബന്ധപ്പെട്ട വാർഡ് നമ്പരും പേരും തിരഞ്ഞെടുക്കുക , Method of Communication സെലക്ട് ചെയ്യുക . .നിലവിൽ നഗരസഭ ,ലൈസൻസുമായി ബന്ധപെട്ട സേവനം Registered Inbox വഴി മാത്രമേ ആക്ടിവ് ആയിട്ടുള്ള . ഓൺലൈൻ ചെയ്യ്ത ലോഗിനിൽ അപേക്ഷന് Licence ഡൗൺലോഡ് ചെയ്യാവുന്നതാണ് . (ചിത്രം 23)





(ചിത്രം 23)


**Declaration ടിക്ക് ചെയ്യുക ..Captcha കോഡ് ടൈപ്പ് ചെയ്യുക .Submit ചെയ്യുക .** (ചിത്രം 26)

ഉടനെ തുക ഓൺലൈൻ ആയി അടക്കുവാനുള്ള ,ഇ-പേയ്മെന്റ് സ്ക്രീൻ ലഭിക്കുന്നതാണ്. യു.പി.ഐ ഉൾപ്പെടെ എല്ലാ പേയ്മെന്റ് രീതികളും ഇതിൽ സപ്പോർട്ട് ചെയ്യുന്നതാണ് . പേമെൻറ് പ്രക്രിയ പൂർത്തിയായാൽ മാത്രമേ , അപേക്ഷ നഗരസഭയിലേക്ക് സമർപ്പിക്കപ്പെടുകയുള്ളു .. .. ആപ്ലിക്കേഷൻ സമർപ്പിക്കപ്പെട്ടാൽ റെസീപ്റ്റ് /റിപ്പോർട്ട് ലഭ്യമാകുന്നതാണ്




(ചിത്രം 26)



## 2. പുതിയ ലൈസൻസിന് അപേക്ഷിക്കുന്ന വിധം


മേൽ സൂചിപ്പിച്ചപോലെ ,ലൈസൻസ് വിവരങ്ങൾ ലഭ്യമെല്ലെങ്കിലും / ലൈസൻസ് എടുത്തില്ലെങ്കിൽ **ഈ കെട്ടിട നമ്പറിൽ നിലവിൽ ലൈസൻസുകൾ ഒന്നും നൽകിയിട്ടില്ല , അപേക്ഷയുടെ ഉദ്ദേശ്യം പുതിയ ലൈസൻസ് എന്ന് തെരഞ്ഞെടുക്കേണ്ടതാണ് എന്ന മെസ്സേജ് ലിസ്റ്റ് ചെയ്യുന്നതാണ്**

**അപേക്ഷയുടെ ഉദ്ദേശ്യം –**

എ ) ലൈസൻസ് പുതുക്കുന്നതിന് ആണെങ്കിൽ , ലൈസൻസ് പുതുക്കുന്നതിന് തിരഞ്ഞെടുക്കുക

ബി ) പുതിയ ലൈസൻസ് ആണെങ്കിൽ - പുതിയ ലൈസൻസ് സെലക്ട്ചെയ്യുക

അനുയോജ്യമായതു കൃത്യമായി തിരഞ്ഞെടുക്കുക ഉദാ : **01 July 2022** ആണ് **സ്ഥാപനം തുടങ്ങുന്നതാണെങ്കിൽ , വർഷം 2022-2023** സെലക്ട് ചെയ്യുക




**അപേക്ഷകന്റെ പേര് , സ്ഥാപനത്തിന്റെ പേര് എന്നിവ ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തുക.**

**ഒന്നിലധികം ആളുകൾ ഉണ്ടെങ്കിൽ, ഒന്നാമത്തെ ആളുടെ പേര് മാത്രം ഇവിടെ നൽകുക.**

**ഒന്നിലധികം കെട്ടിട നമ്പർ , ഒരു ലൈസൻസിൽ ഉണ്ടെങ്കിൽ, ഒന്നാമത്തെ നമ്പർ മാത്രം, ഇവിടെ രേഖപ്പെടുത്തുക**

**(തുടർസ്ക്രീനുകളിൽ അടുത്ത ആളുടെ പേര്, മറ്റ് കെട്ടിട നമ്പർ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സ്ക്രീൻ ഉണ്ട്)**

**Save and Continue ക്ലിക്ക് ചെയ്യുക.**

ലൈസൻസ് **എന്താവശ്യത്തിനെന്ന രേഖപെടുത്തുക**


**വ്യാപാരങ്ങൾക്കുള്ള ലൈസൻസ്**

| | | | |
|---|---|---|---|
| 1 | 444 | മൃഗങ്ങളെ വളര്ത്തുന്ന സ്ഥലങ്ങള്ക്കുള്ള ലൈസന്സ് | ☐ |
| 2 | 447 | വ്യാപാരങ്ങള്ക്കുള്ള ലൈസന്സ് | ☐ |
| 3 | 453 | കശാപ്പുശാലകള്ക്കുള്ള ലൈസന്സ് | ☐ |
| 4 | 454 | ഉല്സവങ്ങള്ക്കും മറ്റും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനുള്ള അനുവാദം | ☐ |
| 5 | 455 | മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനുള്ള ലൈസന്സ് | ☐ |
| 6 | 456 | പാല്കച്ചവടത്തിനുള്ള ലൈസന്സ് | ☐ |
| 7 | 459 | പൊതുമാര്ക്കറ്റിലെ കച്ചവടത്തിനുള്ള ലൈസന്സ് | ☐ |
| 8 | 460 | സ്വകാര്യമാര്ക്കറ്റിനുള്ള ലൈസന്സ് | ☐ |
| 9 | 462 | സ്വകാര്യമാര്ക്കറ്റുകളിലെ കച്ചവടത്തിനുള്ള ലൈസന്സ് | ☐ |
| 10 | 469 | കശാപ്പുകാരുടേയും,മീന്കച്ചവടക്കാരുടേയും, കോഴി കച്ചവടക്കാരുടേയും ലൈസന്സ് | ☐ |
| 11 | 470 | പൊതുതെരുവില്കച്ചവടത്തിനുള്ള ലൈസന്സ് | |

**2 .** അപേക്ഷയുടെ തരം- വ്യക്തി /സ്ഥാപനം അനുയോജ്യമായതു തിരഞ്ഞെടുക്കുക


2.1. 3 **അപേക്ഷകന്റെ പേരും താമസസ്ഥലത്തെ മേൽവിലാസം ,Mobile No** (സ്ഥാപനമാണെങ്കിലും പൂരിപ്പിക്കുക) **(മൊബൈൽ നമ്പർ കൃത്യമായി നൽകുക)**

**ഇവിടെ നേരെത്തെ നൽകിയ അപേക്ഷകന്റെ പേര് ഇവിടെ കാണാവുന്നതാണ് ..ഇവിടെ ഉള്ള എഡിറ്റ് ക്ലിക്ക് ചെയ്യുക ..**




**C/O , House Name, Local Place,Main Place ,Mobile No മറ്റു വിവരങ്ങൾ നൽകി സേവ് ചെയ്യുക**

**മൊബൈൽ നമ്പർ കൃത്യമായി നൽകുക . എസ് .എം .എസ് alert ഈ നമ്പറിലാണ് ലഭ്യമാകുന്നത് .**




അപേക്ഷകന്‍റെ വിവരങ്ങള്‍

Inside LB Outside LB Outside State

| | ഇംഗ്ലീഷിൽ | | മലയാളത്തിൽ |
|---|---|---|---|
| 2.1.1 Applicant Name * | Sreerag K | 2.1.2 അപേക്ഷകന്റെ പേര് * | ശ്രീരാഗ് കെ |
| 2.1.3 Father's/Mother's Name * | S/o Mahesh C | അച്ഛന്റെ/അമ്മയുടെ പേര് * | മഹേഷ് സി |
| 3.3.1.1 വാർഡ് വർഷം | ... | 2.1.3 Gender | ... |
| 3.3.1.2 സോണൽ ഓഫീസ് | ......... | 2.1.4 ജനന തിയതി | |
| 3.3.1.3 വാർഡ് നമ്പർ | | 2.1.4 വയസ് | |
| 3.3.2 ഡോർ നമ്പർ | / | 3.3 Residence Asso /Flat No | |
| 3.1 House Name | Sreenilayam | വീട്ടുപേര് | ശ്രീനിലയം |
| 3.2 Residence Asso /Flat Name | | റെസിഡൻസ് അസോ /ഫ്ലാറ്റ് പേര് | |
| 3.4 Street Name | | തെരുവിന്റെ പേര് | |
| 3.5 Local Place | Thiruvangad | പ്രാദേശിക സ്ഥലനാമം | തിരുവങ്ങാട് |
| 3.6 Main Place * | Thalassery | പ്രധാന സ്ഥല നാമം * | Thalassery |
| 3.8 പിൻകോഡ് | | 3.9 സംസ്ഥാനം | Kerala |
| 3.7 പോസ്റ്റ് ഓഫീസ് | | 3.10 ജില്ല | ... |
| 3.11 Telephone No: | | 3.11.1 Mobile No: * | 9999999990 |
| Telephone No2: | | Mobile No2: | |

Save

**Add Application ക്ലിക്ക് വഴി - - - ഒന്നിലധികം ആളുകളെ ചേർക്കാവുന്നതാണ്.**



2.1, 3 അപേക്ഷകന്റെ പേരും താമസസ്ഥലത്തെ മേൽവിലാസവും (സ്ഥാപനമാണെങ്കിലും പൂരിപ്പിക്കുക) * Add Applicant Details

| ക്രമ നമ്പർ | പേരും മേൽവിലാസവും | Name and Address | |
|---|---|---|---|
| 1 | ശ്രീരാഗ് കെ ,S/o മഹേഷ് സി, ,/ ,ശ്രീനിലയം , , തിരുവങ്ങാട് ,Thalassery | Sreerag K,S/o Mahesh C , ,/ , Sreenilayam , , Thiruvangad ,Thalassery | Edit \| Delete |
| 2 | യദു എം,C/o മഹേഷ് സി , ,/ ,ശ്രീനിലയം , , തിരുവങ്ങാട് ,തലശ്ശേരി | YADHU M,C/o Mahesh C , ,/ , Sreenilayam , , Thiruvangad ,Thalassery | Edit \| Delete |

2.2 അപേക്ഷ നൽകുന്നത് ഏതെങ്കിലും സ്ഥാപനത്തിന് വേണ്ടിയാണെങ്കിൽ മാത്രം പൂരിപ്പിക്കുക

**2.3 അപേക്ഷ നൽകുന്ന വ്യക്തിയുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യുക.**

**Photo യുടെ Size - 150x200 pixel ലും 30 KB യിൽ താഴെയും ആയിരിക്കണം**

4. **പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്ന തിയ്യതി** രേഖപ്പെടുത്തുക

സ്ഥാപനം സ്ഥിതി ചെയ്യുന്ന Building Name , Main Place , മറ്റു വിവരങ്ങൾ രേഖപ്പെടുത്തുക

**സ്ഥാപനം നിലനിൽക്കുന്നത്** എന്നതിൽ -കെട്ടിടം സെലക്ട് ചെയ്ത് കൊടുക്കുക.

## 5.3 കെട്ടിട വിവരങ്ങൾ

ഒന്നിലധികം കെട്ടിട നമ്പർ ,ഒറ്റ ലൈസൻസിൽ ഉള്ള സ്ഥാപനങ്ങൾ കെട്ടിട നമ്പർ ഓൺലൈനിൽ രേഖപ്പെടുത്തുമ്പോൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് ..Add Door No ഓപ്ഷൻ ഉപയോഗിച്ച് ഓരോരോ വാർഡ് നമ്പറും കെട്ടിടനമ്പരും രേഖപ്പെടുത്തേണ്ടതാണ് .

ഉദാഹരണം. 12 ആം വാർഡിൽ 56 ,57 ,58 എന്നിങ്ങനെ കെട്ടിട നമ്പർ അടങ്ങിയ ഒറ്റ ലൈസൻസ് ഉള്ള ഒരു സ്ഥാപനം ആണെന്ന് കരുതുക .. ചിത്രത്തിൽ കാണുന്ന പോലെ രേഖപെടുത്താം .


5.3 കെട്ടിട വിവരങ്ങൾ — Add Door No

| ക്രമ നമ്പർ | വാർഡ് വർഷം | സോണൽ ഓഫീസ് | വാർഡ് നമ്പർ | ഡോർ നമ്പർ | |
|---|---|---|---|---|---|
| 1 | 2013 | Main Office | 12-TOWNHALL | 56/ | Edit \| Delete |
| 2 | 2013 | Main Office | 12-TOWNHALL | 57/ | Edit \| Delete |
| 3 | 2013 | Main Office | 12-TOWNHALL | 58/ | Edit \| Delete |

# ലൈസൻസ് ആവശ്യമായ ഇനങ്ങളുടെ വിവരങ്ങൾ

ഇവയിൽ നിന്ന് വ്യാപാരം നടത്തുന്നതിന് ,അനുയോജ്യമായ ഇനം എടുത്തു -ഐറ്റം സെലക്ട് ചെയ്യാം

**Download Schedule എന്ന ബട്ടൺ ക്ലിക്ക് ചെയ്തു ,ഇനം വിവരങ്ങൾ ഡൗൺലോഡ് ചെയ്യുവാൻ സാധിക്കും**




**കാറ്റഗറി** എന്നതിൽ സർക്കാർ നിരക്ക് അംഗീകരിച്ച പട്ടിക **(പട്ടിക 1,പട്ടിക II )** കാണാവുന്നതാണ്...

ആവശ്യമായ ഇനങ്ങൾ സെലക്ട് ചെയ്യാവുന്നതാണ് . **പട്ടിക സെലക്ട് ചെയ്തു , Search ബട്ടൺ ക്ലിക്ക് ചെയ്താൽ പട്ടികയിലെ മുഴുവൻ ഐറ്റവും കാണാവുന്നതാണ് .**

**പട്ടിക 1** - വ്യവസായങ്ങളും ഫാക്ടറികളും

**പട്ടിക II** - വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും

**ഓരോ ഇനത്തിനും ഒരു കോഡ് ഉണ്ട് . ഈ കോഡ് ഉപയോഗിച്ച്** സെർച്ച് **ചെയ്തും ഇനം തിരഞ്ഞെടുക്കാവുന്നതാണ്**

**ഉദാഹരണം . പലചരക്ക് കച്ചവടം എന്നതിന്റെ കോഡ് 390 എന്നതാണ് .**

**ഇതു ഇങ്ങനെ സെർച്ച് ചെയ്യുന്നതെന്ന് നോക്കാം**

**Method 1** . **പട്ടിക II** ക്ലിക്ക് ചെയ്യുക ,ഇനം എന്ന കോളത്തിൽ പലചരക്ക് എന്ന വാക്ക് ടൈപ്പ് ചെയ്തു , സെർച്ച് ചെയ്തു സെലക്ട് ചെയ്യാവുന്നതാണ് .

**Method 2** . **പട്ടിക II** ക്ലിക്ക് ചെയ്യുക ,കോഡ് എന്ന കോളത്തിൽ **390** എന്ന് ടൈപ്പ് ചെയ്തു , സെർച്ച് ചെയ്താൽ ഇനം സെലക്ട് ചെയ്യാവുന്നതാണ്

**ശരിയായ ഐറ്റം** **Select** ക്ലിക്ക് ചെയ്യുക .. ഒന്നിലധികം ഇനങ്ങളും ഒരോന്നായി സെലക്റ്റ് ചെയ്യാവുന്നതാണ്

ലൈസൻസ് കാലാവധി രേഖപ്പെടുത്തുക ഉദാ . **From 2022-23 To 2022-23**

## 11 . സംരംഭത്തിന്റെ തരം തെരഞ്ഞെടുക്കുക

മൂലധന നിക്ഷേപം - എത്ര തുകയെന്നു രേഖപ്പെടുത്തുക

**സംരംഭത്തിന്റെ തരം - സേവന മേഖല ,ഉല്പാദന മേഖല ഇവയിൽ അനുയോജ്യമായത് രേഖപ്പെടുത്തുക**

ഗസറ്റ് നോട്ടിഫിക്കേഷൻ(സ.ഉ. (പി) നമ്പർ 62/2020/തസ്വഭവ. തീയതി 30 ഒക്ടോബർ) പ്രകാരമുള്ള പുതിയ ഷെഡ്യൂൾആപ്ലിക്കേഷനിൽഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ലൈസൻസ് ഫീസ് നിർണയിക്കുന്നത് മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിലാണ്. വാർഷിക ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള പട്ടിക ചുവടെ ചേർക്കു

വാർഷിക ലൈസൻസ് ഫീസ്

| ക്രമ നമ്പർ | ഇനവിവരം | വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 25 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 500 രൂപ |
| 2 | മിനി എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 1,000 രൂപ |
| 3 | സ്മാൾ എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലുള്ളതും എന്നാൽ 2 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 5,000 രൂപ |
| 4 | മീഡിയം എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 2 കോടി രൂപയിൽ കൂടുതലുള്ളതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 10,000 രൂപ |
| 5 | ലാർജ് എന്റർപ്രൈസസ് (ഉത്പാദന മേഖലയിൽ, 10 കോടി രൂപയിൽ കൂടുതലുള്ള മൂലധന നിക്ഷേപ മുള്ളതും, സേവന മേഖലയിൽ 5 കോടി രൂപയിൽ കൂടുതലുള്ള മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾ) | 15,000 രൂപ |

**വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തി , Save ചെയ്യുക ..**

**Close ബട്ടൺ ക്ലിക്ക് ചെയ്താൽ രേഖപ്പെടുത്തിയ വിവരങ്ങൾ അടങ്ങിയ Application Report**

**ലഭ്യമാകുന്നതാണ് . വീണ്ടും എഡിറ്റ് ചെയ്യണമെങ്കിൽ Edit Application ക്ലിക്ക് ചെയ്യാവുന്നതാണ്.**

**Declaration ടിക്ക് ചെയ്യുക ..Captcha കോഡ് ടൈപ്പ് ചെയ്യുക .Submit ചെയ്യുക . (ചിത്രം 26)**

**ഉടനെ തുക ഓൺലൈൻ ആയി അടക്കുവാനുള്ള ,ഇ-പേയ്മെന്റ് സ്ക്രീൻ ലഭിക്കുന്നതാണ്. യു.പി.ഐ ഉൾപ്പെടെ എല്ലാ പേയ്മെന്റ് രീതികളും ഇതിൽ സപ്പോർട്ട് ചെയ്യുന്നതാണ് . പേമെൻറ് പ്രക്രിയ പൂർത്തിയായാൽ മാത്രമേ , അപേക്ഷ നഗരസഭയിലേക്ക് സമർപ്പിക്കപ്പെടുകയുള്ളൂ .. ആപ്ലിക്കേഷൻ സമർപ്പിക്കപ്പെട്ടാൽ റെസീപ്റ്റ് -റിപ്പോർട്ട് ലഭ്യമാകുന്നതാണ്** **(pls Refer Page number 13 ,14.15)**


# തുടർ പ്രവർത്തനങ്ങൾ- മറ്റ് പ്രത്യേകതകൾ

## 1.ഇ ഫയൽ - സേവ് ചെയ്ത ആപ്ലിക്കേഷനുകൾ

ഒരു അപേക്ഷ e-file ചെയ്യുമ്പോൾ തന്നെ submit ചെയ്യണമെന്നില്ല. അപേക്ഷ data entry ചെയ്യുമ്പോൾ ഏത് സ്റ്റേജിൽ വേണമെങ്കിലും save ചെയ്ത് പുറത്തേക്ക് പോകാവുന്നതാണ്. ഇങ്ങനെ പൂർണ്ണമാകാത്ത അപേക്ഷകൾ പിന്നീട് **E-File** ലിൽ **Add on saved application** എന്ന മെനു ക്ലിക്ക് ചെയ്ത്, എടുത്ത് പ്രോസസ്സ് ചെയ്യാവുന്നതാണ്..

## 2. .ഇ ഫയൽ - സബ്മിറ്റ് ചെയ്ത ആപ്ലിക്കേഷനുകൾ


Efile –Submitted Application **നിൽ സബ്മിറ്റ് ചെയ്ത ആപ്ലിക്കേഷനുകൾ ലിസ്റ്റ് ചെയ്യുന്നതാണ് . ആവശ്യമുള്ള തിരഞ്ഞെടുത്തു** **Application Preperation** **എടുത്ത്** Enclosures **ൽ,** Application Report **ലഭ്യമാകുന്നതാണ് .** Summary –Generate PDF**ക്ലിക്ക് ചെയ്താൽ ഫീസ് അടച്ച വിവരങ്ങൾ അടങ്ങിയ റിപോർട്ട് ലഭ്യമാകുന്നതാണ് ..**





## 3. ഓൺലൈൻ അപേക്ഷ തിരിച്ചയക്കലും റീ -സ്ബമിറ്റും ( E file Application Return and Resubmit)

**E file Return ---**മതിയായ രേഖകൾ സമർപ്പിക്കാത്ത ഇ ഫയൽ അപ ക്ഷ, **Return** ചെയ്യുന്നതിനുള്ള സംവിധാനം നഗരസഭ സ്റ്റാഫ് ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട് .

**Return** ചെയ്ത അപേക്ഷകളുടെ കാരണം അടങ്ങിയ നോട്ടീസ് citizen service പോർട്ടലിൽ **Notification** മെനുവിൽ ലിസ്റ്റ് ചെയ്യുന്നതാണ് . Download ബട്ടൺ ക്ലിക്ക് ചെയ്ത് ഡൌൺലോഡ് ചെയ്യാവുന്നതാണ്.. ഇവിടെയുള്ള **Edit** ബട്ടൺ ക്ലിക്ക് ചെയ്ത് , അപേക്ഷ എഡിറ്റ് ചെയ്യാവുന്നതാണ്. കൂടാതെ Rectification Communications സബ് മെനു ക്ലിക് ചെയ്യാലും നോട്ടീസ് ലഭ്യമാകുന്നത് ആണ്.



**തലശ്ശേരി മുനിസിപ്പാലിറ്റി**
**[Thalassery Municipality]**

**<u>നോട്ടീസ്</u>**

റഫറൻസ് : 2130221000000085


വിഷയം :- വ്യാപാരങ്ങൾക്കുള്ള ലൈസൻസ്
സൂചന :- താങ്കളുടെ 20-03-2022 തിയതിയിലെ അപേക്ഷ

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 447 പ്രകാരം 45/13/ -ാം നമ്പർ കെട്ടിടത്തിൽ 2021-2022 വർഷത്തിലേക്ക് വ്യാപാരങ്ങൾക്കുള്ള ലൈസൻസിനായി താങ്കൾ മേൽ സൂചന പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ചതിൽ Water Tested Report not attached പറയുന്ന അപാകതകൾ കാണുന്നു.


**ലൈസൻസിംഗ് അധികാരി അധികാരപ്പെടുത്തുന്നതിൻ പ്രകാരം :**
[Signed and Sealed as authorised by Licencing Authority]

| | | | |
|---|---|---|---|
| **20-03-2022** | **Office Seal** | **Name and Designation Seal** | **Signature** |

**നഗരസഭയിൽ നിന്നു Return** ചെയ്ത അപേക്ഷ, എഡിറ്റ് ചെയ്യുവാൻ, **E-File മെനുവിൽ >> Rectification needed application** എന്ന ബട്ടൻ ക്ലിക്ക് ചെയ്യുക .



വേണ്ട റെക്കോർഡ് ഫയൽ നമ്പറിൽ ക്ലിക്ക് ചെയ്യുക . Application Preparation എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക . Attach അറ്റാച്ച് ബട്ടൻ ക്ലിക്ക് ചെയ്ത് ,**ആവശ്യമായ രേഖകൾ** അറ്റാച്ച് ചെയ്യാവുന്നത് ആണ്. തുടർന്ന് സബ്മിറ്റ് ക്ലിക്ക് ചെയ്യുക .




## 4 . എസ് .എം .എസ്സ് അലേർട്ട് ( sms alert)

**ലൈസൻസ് അനുവദിക്കുമ്പോൾ , ലൈസൻസ് അപേക്ഷ നിരസിക്കുമ്പോൾ , സ്റ്റാഫ് തുക ഡിമാൻഡ് ചെയ്യുമ്പോൾ വിവരം അപേക്ഷകർക്ക് എസ് .എം .എസ്സ് മുഖേന ലഭിക്കുന്നതാണ്**

## 5 .ലൈസൻസ് അനുവദിക്കൽ

അപേക്ഷാ വിവരങ്ങൾ നഗരസഭ ആരോഗ്യ വിഭാഗം പരിശോധിച്ചശേഷം . **Digital Sign** ചെയ്ത് ലൈസൻസ് അനുവദിക്കുന്നു.. ഓൺലൈൻ ചെയ്ത ലോഗിനിൽ അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ് .

ഏതെങ്കിലും കാരണവശാൽ അധിക തുക അടക്കണമെങ്കിൽ സ്റ്റാഫ് ലോഗിനിൽ ഡിമാൻഡ് ചെയ്യുന്നതാണ്. തുക ഡിമാൻഡ് നമ്പർ അടങ്ങിയ എസ് എം എസ്സ് അപേക്ഷകർക്ക് ലഭിക്കുന്നതാണ് .ഈ ഡിമാൻഡ് നമ്പർ ഉപയോഗിച്ച് നഗരസഭ കാഷ് കൌണ്ടറിൽ തുക അടക്കാവുന്നതാണ്

# 6. ലൈസൻസ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്ന വിധം

**തദ്ദേശ സ്ഥാപന അധികാരികൾ Licence അപ്പ്രൂവ് ചെയ്തു** ഡിജിറ്റൽ സൈൻ ചെയ്യുന്ന മുറയ്ക്ക് , Citizen Service login നിൽ **Notification ആയി ലഭ്യമാകുന്നതാണ് . കൂടാതെ ഇൻ ബോക്സിൽ - സേവനങ്ങൾ എന്ന മെനു വഴിയും ഡൌൺലോഡ് ചെയ്യാവുന്നത് ആണ്.**

**Inbox മെനുവിൽ Service Output .**




സാധുവായ ഡിജിറ്റൽ സൈൻഡ് Certficate ലഭിക്കുന്നതിനായി ഇനിപ്പറയുന്ന ഘട്ടങ്ങൾ പാലിക്കുക.


a. **Adobe Acrobat Reader ലേറ്റസ്റ്റ് വെർഷൻ** ഇൻസ്റ്റാൾ ചെയ്തെന്ന് ഉറപ്പ് വരുത്തുക **നിലവിലെ ലേറ്റസ്റ്റ് വെർഷൻ : Adobe Acrobat Reader DC**

b. Download ചെയ്ത ഡോക്യുമെൻറ് , **Adobe Acrobat Reader റിൽ ഓപ്പൺ ചെയ്യുക..**


c. Signature ഭാഗത്ത് Right ക്ലിക്ക് ചെയ്യുക ; "Show signature properties" എന്നത് സെലക്ട് ചെയ്യുക .



d. “Show Certificate” എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക .





e .തുടർന്ന് വരുന്ന വിൻഡോയിയിൽ "Trust” എന്ന ടാബ് സെലക്ട് ചെയ്യുക . “**Add to Trusted Certificates** എന്ന ബട്ടൻ ക്ലിക്ക് ചെയ്യുക.



f. തുടർന്ന് ലഭ്യമാകുന്ന Confirmation Message ൽ OK ക്ലിക്ക് ചെയ്യുക





g. ഇവിടെയുള്ള മുഴുവൻ ചെക്ക് ബോക്സ്കളിൽ ക്ലിക്ക് ചെയ്യുക . OK ക്ലിക്ക് ചെയ്യുക..



h. തുടർന്ന് "**Validate Signature**" ബട്ടണിൽ ക്ലിക്ക ചെയ്യുക ..





ഇപ്പോൾ validate ആയി, ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ സാധുവായ സർട്ടിഫിക്കറ്റ് എടുക്കാവുന്നതാണ്.




## Tips

### Photo - Resize ചെയ്യുന്ന വിധം (Paint ഉപയോഗിച്ച്)

**a) . Photo Right Click ചെയ്ത് Open With Paint ക്ലിക്ക് ചെയ്ത് ഓപ്പൺ ചെയ്യുക .**




b). Resize Click ചെയ്യുക .. **Pixels സെലക്ട് ചെയ്യുക .Horizontal 150 എന്നും vertical 200 എന്നും ടൈപ്പ് ചെയ്യുക. Maintain aspect ratio- ടിക്ക് ഒഴിവാക്കുക . ok കൊടുക്കുക**




തുടരും ......

**NB :** സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ ഉണ്ടാകുന്ന മുറക്ക് , ഈ പ്രവർത്തന സഹായിലും മാറ്റങ്ങൾ വരുത്തുന്നതാണ്.